


# തുറന്ന സ്വർഗ്ഗങ്ങൾ

...."സ്വർഗ്ഗങ്ങൾ തുറന്നു" യെഹെസ്കേൽ 1:1

അഷീഷ് റായിച്ചൂർ

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: നവംബർ 2012

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

സമ്പർക്ക വിവരം:
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്
നമ്പർ 7എം - 319, സെക്കന്റ് ഫ്ളോർ, സെക്കന്റ് ബ്ലോക്ക്
എച്ച്.ആർ.ബി.ആർ. ലേ - ഔട്ട്, കല്ല്യാൺ നഗർ, ബാംഗ്ലൂർ 560 043
കർണ്ണാടക, ഇൻഡ്യ

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു
ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ
നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Open Heavens)

# തുറന്ന സ്വർഗ്ഗങ്ങൾ

**..."സ്വർഗ്ഗങ്ങൾ തുറന്നു" യെഹെസ്കേൽ 1:1**

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | 1 |
| 1. | സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും | 3 |
| 2. | തുറന്ന സ്വർഗ്ഗം? | 6 |
| 3. | സ്വർഗ്ഗം തുറക്കപ്പെടുവാൻ എന്താണ് കാരണമായിത്തീരുന്നത്? | 15 |
| 4. | നിങ്ങളുടെ പ്രദേശത്തിന്മേൽ സ്വർഗ്ഗം തുറന്നിട്ടുണ്ടോ? | 24 |

# അവതാരിക

ജനങ്ങളുടെമേലും സമുദായങ്ങളുടെമേലും ഭൂമിശാസ്ത്രപരമായ പ്രദേശങ്ങളുടെമേലും സ്വർഗ്ഗം തുറക്കുന്നതിനെക്കുറിച്ച് ക്രിസ്തുവിന്റെ സഭയ്ക്ക് പുതിയതായ വിവേകവും ഉൾക്കാഴ്ചയും ലഭിച്ചുകൊണ്ടാണിരിക്കുന്നത്.

ലോകത്തിലെ ചില പ്രദേശങ്ങൾ സ്വർഗ്ഗം തുറക്കുന്ന ചൂടുള്ള ഇടങ്ങളായി പ്രത്യക്ഷപ്പെടുന്നു. അങ്ങനെയുള്ള പ്രദേശങ്ങളിൽ സ്വർഗ്ഗം ഭൂമിയിൽ കൊണ്ടുവരുന്നതു നിസ്സാരമാണെന്നു പറയുവാൻ സാധിക്കും. ഉദാഹരണമായി 1859-ൽ ദൈവം വെയിൽസ് സന്ദർശിക്കുന്നതും 1904-ൽ ഒരു ഉണർവു പൊട്ടിത്തെറിക്കുന്നതും കാണുവാൻ സാധിച്ചു. പെൻസക്കോലാ പെയ്ത്ത് ഫ്ളോറിഡാ പ്രദേശത്തു കാണുവാൻ സാധിച്ചു. 1995-ൽ ബ്രൗൺവിൽ ഉണർവു എന്നും അറിയപ്പെടുന്നു. അടുത്ത സമയത്ത് 2008-ൽ ലേക്ക്ലാൻഡ് ഒഴുക്കും.

നേരത്തെ ഉണർവുകളും, ഒഴുക്കുകളും സന്ദർശനങ്ങളും നടന്ന പ്രദേശങ്ങളിൽ വളരെ എളുപ്പം സ്വർഗ്ഗം തുറക്കും എന്നുള്ളത് നമ്മളെ ഉത്തേജിപ്പിക്കുന്ന കാര്യമാണ്. വെൽഷ് മിഷനറിമാർ ഇൻഡ്യയിൽ ഷില്ലോങ്ങ് എന്ന പ്രദേശത്തേക്ക് ഉണർവിന്റെ തീ കൊണ്ടുചെന്നപ്പോൾ, 1906-ൽ, അവിടെ വലിയ ഉണർവിന്റെ അനുഭവം ഉണ്ടായി. 2000-ന്റെ ആരംഭത്തിൽ അവിടുത്തെ വിശ്വാസികൾ വീണ്ടും ഒരു ഉണർവിനായി ദൈവത്തെ അന്വേഷിക്കുവാൻ തുടങ്ങി. അവരുടെ വിശ്വസ്തതയോടെയുള്ള പ്രാർത്ഥനയുടെ ഫലമായി 2006-ൽ സ്വർഗ്ഗം തുറന്ന് അവിടെ വലിയ ഉണർവുണ്ടായി. ജോൺ ഹൈഡ് എന്ന ദൈവദാസന്റെ നിരന്തരമായ പ്രാർത്ഥന

യുടെ ഫലമായി പഞ്ചാബിൽ സിയാൽക്കോട്ട് എന്ന പ്രദേശത്തു വലിയ ഉണർവിന്റെ അനുഭവം ഉണ്ടായി. എന്തുകൊണ്ട് ഈ പ്രദേശങ്ങളിൽ വീണ്ടും ദൈവത്തിന്റെ സന്ദർശനവും ഉണർവിന്റെ അനുഭവവും ഉണ്ടായിക്കൂടാ എന്നതിന് യാതൊരു കാരണവുമില്ല.

സ്വർഗ്ഗം തുറക്കുന്നതും, ഇത് എന്താണെന്നും അതിന്റെ അനന്തരഫലങ്ങൾ എന്താണെന്നും തിരുവെഴുത്തു വെളിപ്പെടുത്തുന്ന സത്യങ്ങളെക്കുറിച്ചുള്ള ഒരു പഠനമാണ് ഈ പുസ്തകം.

ഈ പുസ്തകം വായിക്കുന്നവരിൽ അനേകരിലും അവരുടെ പ്രാർത്ഥനയാൽ സ്വർഗ്ഗം തുറക്കുന്ന ഒരു അനുഭവം അവരുടെ ജീവിതത്തിൽ വരുത്തുവാനുള്ള ഒരു പ്രചോദനം അവർക്ക് ഉണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതുപോലെ അവരുടെ തദ്ദേശ സഭകളിലും സമുദായത്തിലും ഉണർവു ഉണ്ടാകുവാൻ.

തങ്ങളുടെ നഗരത്തിലും പ്രദേശങ്ങളിലും സ്വർഗ്ഗം തുറക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാനും സഭകളുടെ പുനഃക്രമീകരണത്തിനുവേണ്ടിയും രൂപാന്തരീകരണത്തിനുവേണ്ടിയും പ്രാർത്ഥിക്കുവാനും ഒരു പ്രദേശത്തുള്ള എല്ലാ തദ്ദേശസഭകളും ഒന്നായിച്ചേർന്ന് ഒരുമനപ്പെട്ടു പ്രവർത്തിക്കുവാൻ പ്രചോദനം ലഭിക്കും എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

# 1

# സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും

കർത്താവു നമ്മളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ ഏറ്റവും പ്രധാനപ്പെട്ട മൂലതത്ത്വം നമുക്കു മുമ്പിൽ വെച്ചത് സ്വർഗ്ഗം ഭൂമിയിൽ സ്വീകരിക്കുവാൻ ശ്രമിക്കുക എന്നതായിരുന്നു.

"നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ" (മത്തായി 6:10).

സ്വർഗ്ഗത്തിൽ എന്തൊക്കെയാണോ അതൊക്കെയും ഭൂമിയിൽ സ്ഥാപിക്കുകയും അനുഭവിക്കുകയും വേണം. സ്വർഗ്ഗത്തിൽ കാണുന്നതെല്ലാം ഭൂമിയിൽ പ്രദർശിപ്പിച്ചു കാണുക എന്നതാണ് നമ്മുടെ ആദേശം (മത്തായി 16:18–19).

ദൈവം തന്റെ ജനത്തിനുവേണ്ടി എല്ലാ ആത്മീകാനുഗ്രഹങ്ങളും പുറത്തുവിട്ടുകഴിഞ്ഞു. എന്നാൽ, സ്വർഗ്ഗീയലോകത്തിലാണ് നമുക്ക് ഇതെല്ലാം നല്കപ്പെട്ടിരിക്കുന്നത്. അഭിഷേകം, അത്ഭുതങ്ങൾ, സൗഖ്യം, നമുക്ക് ആവശ്യമായ സാമാനശേഖരം ഇവയെല്ലാം സ്വർഗ്ഗീയലോകത്തിൽ നമുക്ക് നല്കപ്പെട്ടിരിക്കുകയാണ്.

"സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3).

എല്ലാ ആത്മീകാനുഗ്രഹങ്ങളും ക്രിസ്തുവിൽ, സ്വർഗ്ഗീയലോകത്തിൽ നമുക്കു നൽകപ്പെട്ടിരിക്കുന്നതിനാൽ, ഈ അനുഗ്രഹങ്ങൾ നമുക്കു ഭൂമിയിൽ പ്രത്യക്ഷമാകണം എന്നുള്ളതായിരിക്കണം നമ്മുടെ വെല്ലുവിളി. സ്വർഗ്ഗലോകത്തിൽ നമുക്ക് എന്തെല്ലാം അനുഗ്രഹങ്ങൾ നൽകപ്പെട്ടിരിക്കുന്നുവോ, ഈ അനുഗ്രഹങ്ങളിൽ ഭൂമിയിൽ

നാം നടക്കണം എന്നുള്ളതായിരിക്കണം നമ്മുടെ ആഗ്രഹം.

## അടിയന്തിരമായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്

"യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നേവരെ സ്വർഗ്ഗരാജ്യത്തെ ബലാൽക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു" (മത്തായി 11:12).

സ്വർഗ്ഗരാജ്യം ഭൂമിയിൽ വരാൻ പോകുന്നു എന്ന സന്ദേശം ആദ്യം പ്രചാരണം ചെയ്തത് യോഹന്നാൻ സ്നാപകൻ ആയിരുന്നു (മത്തായി 3:2). സ്വർഗ്ഗരാജ്യം ഭൂമിയിൽ വരാൻ പോകുന്നു എന്ന് പ്രഖ്യാപിച്ചതുമുതൽ, ആത്മാവിൽ ശക്തരാക്കപ്പെട്ടവർ – മുൻപോട്ടു ഗമിക്കുന്നവർ – അവരാണ് സ്വർഗ്ഗരാജ്യത്തിൽ ഉള്ളത് എടുക്കുവാൻ പോകുന്നത്. ആത്മാവിൽ ഒരു ആക്രമണം ഉണ്ടായിരിക്കണം, സ്വർഗ്ഗരാജ്യത്തിൽ നമുക്കു നല്കപ്പെട്ടിരിക്കുന്നത് എടുക്കുവാനായി ബലവത്തായ ഒരു പ്രയത്നം നമുക്ക് ആത്മാവിൽ ഉണ്ടായിരിക്കണം.

എന്നാൽ ഇത് എന്തുകൊണ്ടാണ്? സ്വർഗ്ഗരാജ്യം നമ്മളിൽ നിന്നും വളരെ ദൂരത്തായിട്ടല്ല ദൈവം വെച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം ഭൂമിയിൽ സ്വതന്ത്രമാക്കുന്നതു കാണാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിനു വലിയ സന്തോഷമാണ് നമുക്ക് സ്വർഗ്ഗരാജ്യം തരുന്നതിന് (ലൂക്കോസ് 12:32). ആത്മീകബലാൽക്കാരം അത്യാവശ്യമാണെന്നുള്ളതിന് രണ്ടു കാരണങ്ങളാണ് ഞാൻ കാണുന്നത്. ഒന്നാമതായി, നമുക്കു നല്കപ്പെട്ടിരിക്കുന്നത് നമ്മൾ സ്വീകരിക്കാതിരിക്കുവാനായി വളരെയധികം ശ്രമിച്ചു കൊണ്ടിരിക്കുന്ന പിശാച് എന്ന ശത്രു നമുക്കുണ്ട് എന്നു നാം അറിയുന്നു. സ്വർഗ്ഗരാജ്യം ഭൂമിയിൽ വരുവാൻ പിശാച് ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് സാധ്യമായ എല്ലാ രീതിയിലും നമ്മെ തടസ്സപ്പെടുത്തുവാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കും. രണ്ടാമതായി, ആത്മാവിൽ ബലാൽക്കാരം ചെയ്യുവാൻ ഒരു സ്ഥലത്തു വരുന്നത് നമ്മൾ സ്വീകരിക്കുന്നതിൽ തന്നേ നടക്കുവാൻ നമ്മെ ഒരുക്കുന്നു. സ്വീകരിക്കുവാൻ നമ്മൾ ഒരുക്കമുള്ളവരായിരിക്കണം.

വേറൊരു വിധത്തിൽ പറഞ്ഞാൽ ഒഴുക്കിന്റെയൊരു കാലയളവിൽ (ഉണർവ് അല്ലെങ്കിൽ സന്ദർശനം) തുറന്ന സ്വർഗ്ഗം എന്നു നാം പറയുന്നത് നമ്മൾ അനുഭവവേദ്യമാക്കുന്നു. ഇതിന്റെ അർത്ഥം, സ്വർഗ്ഗം ഭൂമിയെ ആക്രമിക്കുന്ന ഒരു കാലയളവിലാണ് നമ്മൾ – സ്വർഗ്ഗരാജ്യത്തിലെ കാര്യങ്ങൾ സ്വീകരിക്കുന്നത് വളരെ എളുപ്പമായിത്തീരുന്നു, എന്തുകൊണ്ടെന്നാൽ അവ നമ്മുടെമേൽ ചൊരിയപ്പെടുന്നു. സ്വർഗ്ഗം തുറക്കപ്പെടുന്നതിനാൽ, സ്വർഗ്ഗരാജ്യത്തിൽനിന്നു നമുക്കുള്ളതെല്ലാം എടുക്കുവാനും ഈ ഭൂമിയിൽ അതിൽ നടക്കുവാനും വളരെയധികം എളുപ്പമായിത്തീരുന്നു.

ദൈവത്തിന്റെ ഒരേ പ്രവൃത്തികളെ ഇടകലർത്തിക്കൊണ്ട് "ചൊരിയൽ", "സന്ദർശനം" "ഉണർവ്" എന്നൊക്കെ നാം പേർ പറയുന്നു. വളരെ വ്യക്തമായി പറഞ്ഞാൽ, സ്വർഗ്ഗം തുറന്ന് ഒരു ചൊരിയലിന്റെ കാലം വരുമ്പോൾ മഴ പെയ്യുന്നതുപോലെ "ദൈവസാന്നിദ്ധ്യം" ജനങ്ങളുടെമേൽ വരുന്നു. "സന്ദർശനം" എന്നു പറയുന്നത് ഒരു കാലമാണ്. അപ്പോൾ ദൈവം നമ്മുടെയിടയിൽ നടക്കുകയും, വളരെ വലിയ അടയാളങ്ങളും, അത്ഭുതങ്ങളും, അമാനുഷമായ ഏറ്റുമുട്ടലുകളും ഉണ്ടാകുകയും ജീവിതങ്ങൾ മാറ്റപ്പെടുകയും ചെയ്യും.

"ഉണരുക" എന്നാൽ, തഴയ്ക്കുക, വികസിക്കുക, വീണ്ടും ജീവിക്കുക, ജീവൻ പ്രാപിക്കുക എന്നൊക്കെയാണ് അർത്ഥം. എന്തൊക്കെ ഉണങ്ങിപ്പോയിരുന്നുവോ അതെല്ലാം ഇപ്പോൾ പുഷ്പിക്കുവാൻ തുടങ്ങുന്നു. അതായത് തീ ജ്വലിപ്പിക്കുവാൻ തുടങ്ങുന്നു. അതുകൊണ്ട് ''ഉണർവ്'' എന്നുപറഞ്ഞാൽ ഒരു ''ആത്മീയ ഉണർവ്," "വീണ്ടും ഒരു ഉത്സാഹപ്പെടുത്തൽ," വീണ്ടും ഒന്നു "പുഷ്പിക്കുക" എന്നൊക്കെയാണ്. നേരത്തെ ഒരു വിശ്വാസിയുടെയും ഒരു സഭയുടെയും ജീവിതത്തിൽ സ്ഥാപിതമായിരുന്നതും അനുഭവിച്ചിരുന്നതുമായ കാര്യങ്ങളെ.

# 2

# തുറന്ന സ്വർഗ്ഗം എന്താണ്?

ഒരു തുറന്ന സ്വർഗ്ഗം എന്നാൽ, പെയ്ത്തിന്റെ ഒരു കാലം, ദിവ്യ സന്ദർശനത്തിന്റെ ഒരു കാലം, ദൈവജനത്തിന്റെയിടയിൽ ഉണർവ് എന്നൊക്കെയാണ്. ദൈവജനം ആത്മീയമായും ഭൗതികമായും ഉള്ള അനുഗ്രഹങ്ങളുടെ മാരി അനുഭവിക്കുവാൻ തുടങ്ങുന്നു. ഇത് സമുദായങ്ങളിലേക്കും, പ്രദേശങ്ങളിലേക്കും കവിഞ്ഞൊഴുകുവാൻ തുടങ്ങുകയും തന്മൂലം അവിശ്വാസികളിലും മാറ്റം വരുത്തുവാൻ ആരംഭിക്കുകയും ചെയ്യുന്നു.

## തുറന്ന സ്വർഗ്ഗം എന്നാൽ ദിവ്യമായ കരുതൽ നടപടികൾ എന്നാണ്

കർത്താവ് തന്റെ നല്ല നിക്ഷേപങ്ങളെ നിങ്ങൾക്കുവേണ്ടി തുറന്നു തരും - സ്വർഗ്ഗം - നിങ്ങളുടെ ദേശത്തു തക്കസമയത്ത് മഴ തരുവാനും നിങ്ങളുടെ കൈകളുടെ സകലപ്രവൃത്തികളെയും അനുഗ്രഹിക്കുവാനുമായി; നിങ്ങൾ അനേകം ജാതികൾക്കു വായ്പ കൊടുക്കും; എന്നാൽ നീ വായ്പ വാങ്ങുകയില്ല (ആവർത്തനപുസ്തകം 28:12).

“അവൻ മീതെ മേഘങ്ങളോടു കല്പിച്ചു; ആകാശത്തിന്റെ വാതിലുകളെ തുറന്നു. അവർക്കു തിന്മാൻ മന്ന വർഷിപ്പിച്ചു; സ്വർഗ്ഗീയ ധാന്യം അവർക്കു കൊടുത്തു. മനുഷ്യർ ശക്തിമാന്മാരുടെ അപ്പം തിന്നു; അവൻ അവർക്കു തൃപ്തിയാകുംവണ്ണം ആഹാരം അയച്ചു” (സങ്കീർത്തനങ്ങൾ 78:23-25).

“എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകളെ തുറന്ന്, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയി

ല്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 3:10).

ഈ തിരുവെഴുത്തുഭാഗങ്ങൾ വിവരിക്കുന്നത്, ദൈവജനത്തിന്റെ കരുതൽ നടപടികൾക്കായി സ്വർഗ്ഗത്തിന്റെ വാതിലുകളും ജനാലകളും തുറക്കപ്പെടും എന്നാണ്. ദൈവജനത്തിന്റെ ആവശ്യങ്ങളെ അമാനുഷമായി നൽകപ്പെടും. ജോലികൾ, ജോലിക്കയറ്റങ്ങൾ, ധനപരമായ ആവശ്യങ്ങൾ, ബിസിനസ്സിന്റെ വളർച്ച, കടബാദ്ധ്യതകൾ റദ്ദു ചെയ്യുക, നേരത്തെ നഷ്ടമായതൊക്കെ തിരികെ കിട്ടുക, തെറ്റായ രീതിയിൽ എടുത്തതെല്ലാം തിരിച്ചു കൊടുക്കുക, അതുപോലെ ഭൗതികമായ മറ്റ് അനേകം അനുഗ്രഹങ്ങളും ദൈവജനത്തിന്റെ ജീവിതത്തിൽ സംഭവിക്കുവാൻ തുടങ്ങും. അല്ലാത്ത സമയങ്ങളിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും സംഭവിക്കത്തില്ല എന്നല്ല. ദൈവം തന്റെ വചനത്തിൽ സത്യസന്ധനാണ്. എല്ലായ്പ്പോഴും നമ്മുടെ ആവശ്യങ്ങളെ നൽകിത്തരുന്നു (ഫിലിപ്പിയർ 4:19). ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു നമ്മുടെ ആവശ്യങ്ങൾ നൽകിത്തരണം എങ്കിൽ നമ്മൾ വിശ്വാസത്തിൽ നടക്കണം (മർക്കോസ് 11:24). എന്നാൽ സ്വർഗ്ഗം തുറക്കപ്പെടുന്ന കാലങ്ങളിൽ, ദൈവജനങ്ങളുടെ മേൽ ഭൗതികമായ അനുഗ്രഹങ്ങളുടെ അളവു വളരെയധികം കൂടിക്കൊണ്ടിരിക്കും.

## തുറന്ന സ്വർഗ്ഗം എന്നാൽ ദൈവത്തിന്റെ ആത്മാവിന്റെ മാരി ചൊരിയുക എന്നാണ്

"യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു" (മത്തായി 3:16).

"സ്വർഗ്ഗം തുറന്നു" എന്നു എഴുതിയിരിക്കുന്നത് ദൈവത്തിന്റെ ആത്മാവിന്റെ മാരിയെക്കുറിച്ചാണ്. ആത്മാവിനാൽ യേശു അഭിഷേകം ചെയ്യപ്പെട്ടു. അളവില്ലാതെ ആത്മാവിനെ യേശുവിനു ലഭിച്ചു

(ലൂക്കോസ് 4:17, അപ്പൊ. പ്ര. 10:38, യോഹന്നാൻ 3:34). ഇതിന്റെ ഫലങ്ങൾ, യേശു ജനങ്ങളുടെയിടയിൽ ശുശ്രൂഷ നടത്തിയപ്പോൾ, വലിയ അത്ഭുതങ്ങളും, അടയാളങ്ങളും, അതിശയങ്ങളും യേശു ചെയ്തു എന്നതാണ്. യേശു പോയ എല്ലായിടത്തും യേശു നടന്നത് ഒരു തുറന്ന സ്വർഗ്ഗത്തിൻ കീഴെ ആയിരുന്നുവെന്ന് നിശ്ചയമായി പറയുവാൻ സാധിക്കും. സ്വർഗ്ഗം യേശുവിനുവേണ്ടി എപ്പോഴും തുറക്കപ്പെട്ടിരുന്നു. ഇത് ഒരു ദിവ്യസന്ദർശനത്തിന്റെ സമയമായിരുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചു (ലൂക്കോസ് 1:68, 7:16).

യേശുവിന്റെ സമയത്തെ ശുശ്രൂഷക്കു ശേഷം പെട്ടെന്ന് യെരുശലേമിൽ സംഭവിച്ച ഒരു തുറന്ന സ്വർഗ്ഗത്തിന്റെ വിസ്മയമായ കാര്യങ്ങളെക്കുറിച്ചാണ് അപ്പൊ. പ്രവൃത്തികളിലെ ആദ്യത്തെ എട്ടു അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന്റെ ആത്മാവിന്റെ ശക്തമായ ഒരു ചൊരിയലിന്റെ കാലമായിരുന്നു അന്ന് (അപ്പൊ. പ്ര. 2:17,18). ഇതിന്റെ ഫലമായി അത്ഭുതങ്ങളുടെയും, അടയാളങ്ങളുടെയും അതിശയങ്ങളുടെയും ശക്തമായ പ്രദർശനങ്ങൾ നടക്കുകയും അനേകർ കർത്താവിങ്കലേക്കു തിരിയുകയും ചെയ്തു (അപ്പൊ. പ്ര. 2:43,47).

## തുറന്ന സ്വർഗ്ഗം എന്നാൽ ദൈവത്തിന്റെ നീതിയുടെയും സാന്നിദ്ധ്യത്തിന്റെയും ഒരു ഒഴുക്ക് എന്നാണ്.

"ആകാശമേ, മേലിൽനിന്നു പൊഴിക്കുക; മേഘങ്ങൾ നീതിയെ വർഷിക്കട്ടെ; രക്ഷ വിളയേണ്ടതിനു ഭൂമി തുറന്നു വരട്ടെ; അതു നീതിയെ മുളപ്പിക്കട്ടെ; യഹോവയായ ഞാൻ അതു സൃഷ്ടിച്ചിരിക്കുന്നു" (യെശയ്യാവു 45:8).

"വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചു കീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും; അവൻ നമ്മെ അടിച്ചിരിക്കുന്നു; അവൻ മുറിവു കെട്ടും. രണ്ടു ദിവസം

കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും; നാം അവന്റെ മുമ്പാകെ ജീവിക്കയും ചെയ്യും. നാം അറിഞ്ഞു കൊൾക; യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവന്റെ ഉദയം പ്രഭാതം പോലെ നിശ്ചയമുള്ളത്; അവൻ മഴപോലെ, ഭൂമിയെ നനയ്ക്കുന്ന പിൻമഴ പോലെ തന്നേ, നമ്മുടെ അടുക്കൽ വരും" (ഹോശേയ 6:1–3).

ഒരു തുറന്ന സ്വർഗ്ഗത്തിന്റെ കാലയളവിൽ, നീതിയുടെയും ദൈവസാന്നിദ്ധ്യത്തിന്റെയും പെയ്ത്തുണ്ടാകുകയും മഴപോലെ ദൈവം നമ്മുടെ അടുക്കലേക്കു വരികയും ചെയ്യും. ദൈവജനം തങ്ങളെ താഴ്ത്തുകയും ദൈവസാന്നിദ്ധ്യത്തെയും, ദൈവത്തിന്റെ നീതി, വിശുദ്ധി, നിർമ്മലത, വിശുദ്ധീകരണം, പവിത്രീകരണം ഇവ ഒരു പുതിയ തലത്തിലേക്കു നീങ്ങുന്നതു കാണുവാനുള്ള അറിവ് ലഭിക്കുകയും ചെയ്യുന്നു. വ്യക്തിജീവിതങ്ങളിൽ പാപത്തെ ഇനിയും സഹിക്കാൻ കഴിയുന്നതല്ല. ഒരിക്കൽ ദൈവത്തിനു പ്രസാദം വരാത്ത പ്രവൃത്തികളും സ്വഭാവങ്ങളും സ്വീകരിച്ചിരുന്നത് ഇപ്പോൾ നീക്കം ചെയ്യുകയും ത്യജിച്ചുകളകയും ചെയ്യുന്നു.

ദൈവത്തിന്റെ സാന്നിദ്ധ്യവും, ദൈവത്തിന്റെ നീതിക്കായുള്ള വിളിയും, ദൈവം ചെയ്യുവാൻ ആഗ്രഹിക്കുന്ന എല്ലാക്കാര്യങ്ങളും സ്വീകരിക്കുവാൻ ജനങ്ങളുടെ ഹൃദയങ്ങൾ വളരെയധികമായി തുറക്കപ്പെടുന്നു. ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം അന്വേഷിക്കുവാനുള്ള വിശപ്പും ദാഹവും ഉണ്ടാകും.

## തുറന്ന സ്വർഗ്ഗം എന്നാൽ വർദ്ധിച്ചുവരുന്ന ദൈവദൂതന്മാരുടെ പ്രവൃത്തികൾ എന്നാണ്

യേശു പറയുന്നു, "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നും അവനോടു പറഞ്ഞു" (യോഹന്നാൻ 1:51).

"എന്നാൽ യാക്കോബ് ബേർ-ശേബയിൽനിന്നു പുറപ്പെട്ടു

ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്തു എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ടു അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്നു എടുത്തു തലയണയായി വെച്ചു അവിടെ കിടന്നുറങ്ങി. അവൻ ഒരു സ്വപ്നം കണ്ടു; ഇതാ ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ ഞാൻ നിന്നോടു കൂടെയുണ്ട്. നീ പോകുന്നിടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കി വരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും. അപ്പോൾ യാക്കോബ് ഉറക്കമുണർന്നു; യഹോവ ഈ സ്ഥലത്തുണ്ട് സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു. അവൻ ഭയപ്പെട്ടു; ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു" (ഉല്പത്തി 28:10-17).

വിശ്വാസികളെ ശുശ്രൂഷ ചെയ്യുവാൻ അയയ്ക്കപ്പെടുന്ന ആത്മാക്കൾക്കു ദൂതന്മാർ ശുശ്രൂഷ ചെയ്യുന്നു (എബ്രായർ 1:14). തുറന്ന സ്വർഗ്ഗത്തിന്റെ കാലയളവിൽ ദൂതന്മാരുടെ പ്രവർത്തനം കൂടിക്കൊണ്ടിരിക്കും.

ദൈവജനമായ നമുക്കു ദൂതന്മാരുടെ ശുശ്രൂഷ വളരെ പ്രാധാന്യമേറിയതാണ്. മിക്കവാറും, പതിവായി ഈ വിഷയം പ്രസംഗിക്കപ്പെടുന്നില്ല. മരുഭൂമിയിൽ കർത്താവായ യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടയുടനെ തന്നേ ദൂതന്മാർ യേശുവിന് ശുശ്രൂഷ

ചെയ്തു (മത്തായി 4:11). ഗെത്ത്സമന തോട്ടത്തിൽ യേശു അതി വ്യഥയിൽ ആയിരുന്നപ്പോൾ ഒരു ദൂതൻ വന്നു യേശുവിനെ ശക്തി പ്പെടുത്തി (ലൂക്കോസ് 22:43). യേശുവിനെ ദൂതന്മാർ ഇങ്ങനെ ശുശ്രൂഷിച്ചു എങ്കിൽ എനിക്കും നിങ്ങൾക്കും ദൂതന്മാരുടെ ശുശ്രൂ ഷയിലൂടെ എത്ര വലിയ പ്രയോജനങ്ങൾ ലഭിക്കും.

ദൈവദൂതന്മാർ അപ്പൊസ്തലന്മാർക്കും ശുശ്രൂഷ ചെയ്തു. ദൈവദൂതൻ അപ്പൊസ്തലന്മാരെ കാരാഗൃഹത്തിൽനിന്നും വിടു വിച്ചു (അപ്പൊ. പ്ര. 5:19). ഗാസാ മരുഭൂമിയിൽ എത്തിയോപ്പിയ നോടു ക്രിസ്തുവിനെക്കുറിച്ചു പറയുവാൻ ദൈവദൂതൻ ഫിലി പ്പിനു മാർഗ്ഗനിർദ്ദേശം കൊടുത്തു (അപ്പൊ. പ്ര. 8:26). ഒരു ദൈവ ദൂതൻ പത്രോസിനെ കാരാഗൃഹത്തിൽനിന്നും വെളിയിൽ കൊണ്ടു വന്നു (അപ്പൊ. പ്ര 12:7-11). അപ്പൊസ്തലപ്രവൃത്തികളുടെ പുസ്ത കത്തിൽ വേറെയും അനേകം കാര്യങ്ങൾ ദൈവദൂതന്മാർ ചെയ്യു ന്നതു കാണാൻ കഴിയും. പത്രോസിനെ വരുത്തുവാനായി ഒരു ദൂതൻ കൊർന്നെല്യാസിന്റെയടുത്തു ചെന്നു നിർദ്ദേശം കൊടുത്തു (അപ്പൊ. പ്ര. 10:3, 7, 22). ഇതു ജാതികളോടു സുവി ശേഷം അറിയിക്കുവാൻ കാരണമായിത്തീർന്നു. ആദിമസഭയുടെ ദിശക്ക് ഒരു വലിയ മാറ്റം. ഒരു ദൂതൻ ഹെരോദാവിനെ അടിച്ച പ്പോൾ ഹെരോദാവു മരിച്ചുപോയി (അപ്പൊ. പ്ര. 12:21-23). ഒരു കപ്പലപകടത്തിനു തൊട്ടുമുമ്പെ, പൗലോസിനും, കൂടെ യാത്ര ചെയ്തിരുന്നവർക്കും, യാതൊരു അപായവും, കൊടുങ്കാറ്റുമൂലം, ഉണ്ടാകുകയില്ലെന്ന് ഒരു ദൂതൻ പൗലോസിന് ഉറപ്പുകൊടുത്തു (അപ്പൊ. പ്ര. 27:23). വേറെ അനേകം മാർഗ്ഗങ്ങളിലൂടെ നമുക്കു ശുശ്രൂഷ ചെയ്യുവാൻ ദൂതന്മാർക്കു കഴിയും. ദൂതന്മാരും ദൂതന്മാ രുടെ സാന്നിദ്ധ്യവും നമ്മളെ എപ്പോഴും കാത്തുസൂക്ഷിക്കും (സങ്കീ. 91:11). സ്വപ്നത്തിൽ നമ്മളോടു സംസാരിക്കും (മത്തായി 1:20). ദിവ്യമായ കരുതൽ നടപടികൾ നമ്മുടെ ജീവിതത്തിൽ കൊണ്ടുവരും. അമാനുഷസൗഖ്യം വരുത്തും (യോഹന്നാൻ 5:4). ശാരീരികാവസ്ഥക്കു മാറ്റം വരുത്തും (ലൂക്കോസ് 1:18-20). നമ്മുടെ പവിത്രീകരണത്തിലും ശുചീകരണത്തിലും സഹായിക്കുന്നു

(യെശയ്യാവു 6:6–7). ഇതുപോലെ മറ്റനേകം കാര്യങ്ങളും.

## തുറന്ന സ്വർഗ്ഗം എന്നാൽ കൂടുതൽ ദർശനങ്ങൾ, വെളിപ്പാടുകൾ, ദൈവവുമായിട്ടുള്ള ഏറ്റുമുട്ടലുകൾ

"മുപ്പതാം ആണ്ടു നാലാംമാസം അഞ്ചാം തിയ്യതി ഞാൻ കെബാർ നദീതീരത്തു പ്രവാസികളുടെ ഇടയിൽ ഇരിക്കുമ്പോൾ സ്വർഗ്ഗം തുറന്നു ഞാൻ ദിവ്യദർശനങ്ങളെ കണ്ടു" (യെഹെസ്കേൽ 1:1).

"അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു ഉറ്റുനോക്കി, ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്തു യേശു നിൽക്കുന്നതും കണ്ടു. ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു" (അപ്പൊ. പ്ര. 7:56–57).

പിറ്റെന്നാൾ അവർ യാത്ര ചെയ്തു പട്ടണത്തോടു സമീപിക്കുമ്പോൾ പത്രൊസ് ആറാംമണിനേരത്ത് പ്രാർത്ഥിപ്പാൻ വെണ്മാടത്തിൽ കയറി. അവൻ വളരെ വിശന്നിട്ടു ഭക്ഷിപ്പാൻ ആഗ്രഹിച്ചു; അവർ ഒരുക്കുമ്പോഴേക്കു അവനു ഒരു വിവശത വന്നു. ആകാശം തുറന്നിരിക്കുന്നതും വലിയോരു തുപ്പട്ടി പോലെ നാലു കോണും കെട്ടീട്ടു ഭൂമിയിലേക്കു ഇറക്കി വിട്ടോരു പാത്രം വരുന്നതും അവൻ കണ്ടു. അതിൽ ഭൂമിയിലെ സകലവിധ നാല്ക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയും ഉണ്ടായിരുന്നു. പത്രൊസേ, എഴുന്നേറ്റു അറുത്തു തിന്നുക എന്നു ഒരു ശബ്ദം ഉണ്ടായി. അതിനു പത്രൊസ്: ഒരിക്കലും പാടില്ല, കർത്താവേ, മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലോ. ആ ശബ്ദം രണ്ടാം പ്രാവശ്യം അവനോടു: ദൈവം ശുദ്ധീകരിച്ചതു നീ മലിനമെന്നു വിചാരിക്കരുത് എന്നു പറഞ്ഞു. ഇങ്ങനെ മൂന്നു പ്രാവശ്യം ഉണ്ടായി; ഉടനെ പാത്രം തിരികെ ആകാശത്തിലേക്കു വലിച്ചെടുത്തു. ഈ കണ്ട ദർശനം എന്തായിരിക്കും എന്നു പത്രൊസ് ഉള്ളിൽ ചഞ്ചലിച്ചുകൊണ്ടിരിക്കുമ്പോൾ കൊർന്നേല്യൊസ് അയച്ച പുരു

ഷന്മാർ ശിമോന്റെ വീടു ചോദിച്ചുകൊണ്ടു പടിവാതില്ക്കൽ നിന്നു” (അപ്പോ. പ്ര. 10:9–17).

“അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു ഞാൻ കണ്ടു; കാഹളനാദം പോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു: ഇവിടെ കയറിവരിക; മേലാൽ സംഭ വിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചു തരാം എന്നു കല്പിച്ചു. ഉടനെ ഞാൻ ആത്മവിവശനായി സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു” (വെളിപ്പാട് 4:1–2).

“അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവനു വിശ്വ സ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധി ക്കയും പോരാടുകയും ചെയ്യുന്നു” (വെളിപ്പാട് 19:11).

അനേകം സ്ഥലങ്ങളിൽ സ്വർഗ്ഗം തുറന്നപ്പോൾ ഭൂമിയിലുള്ള മനുഷ്യർ ദർശനങ്ങളും വെളിപ്പാടുകളും ദൈവവുമായിട്ടുള്ള ഏറ്റു മുട്ടലുകളും അനുഭവിച്ചറിഞ്ഞത് തിരുവെഴുത്തു നമുക്കു കാണിച്ചു തരുന്നു. മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടതും പറുദീസയോളം എടുക്കപ്പെട്ടതും പറഞ്ഞുകൂടാൻ പാടില്ലാത്ത കാര്യങ്ങളെ കേട്ട തുമൊക്കെ പൗലോസ് വിവരിക്കുന്നു (2 കൊരിന്ത്യർ 12:1–4). ചൊരി യപ്പെടലിന്റെ കാലത്തും സന്ദർശനത്തിന്റെ കാലത്തും ജനങ്ങൾ തുറന്ന സ്വർഗ്ഗത്തിൻ കീഴെ ആയിരിക്കുമ്പോൾ ദർശനങ്ങളും സ്വപ്നങ്ങളും വെളിപ്പാടുകളും ജനങ്ങളുടെയിടയിൽ വളരെയധികം വർദ്ധിക്കുന്നു. ദർശനങ്ങളും വെളിപ്പാടുകളും സാധാരണ ലഭി ക്കാത്തവർക്കും ഈ അനുഭവങ്ങൾ ലഭിക്കുവാൻ തുടങ്ങുന്നു. അനേകരിലും വെളിപ്പാടുകളുടെ വരങ്ങളായ ജ്ഞാനത്തിന്റെ വരം, പരിജ്ഞാനത്തിന്റെ വരം, ആത്മാക്കളുടെ വിവേചനം ഇവയൊക്കെ ഒഴുകുവാൻ തുടങ്ങുന്നു. ചില വെളിപ്പാടുകൾ ഒക്കെ ജീവിത ങ്ങൾക്കു മാറ്റം വരുത്തുന്നതും ദൈവകല്പനകളെ രൂപാന്തരപ്പെ ടുത്തുന്നതും, പുതിയ ശുശ്രൂഷകളെ ഏല്പിച്ചുകൊടുക്കുന്നതും

ഒക്കെയാണ്.

## തുറന്ന സ്വർഗ്ഗം എന്നാൽ പ്രാർത്ഥനക്ക് ഉത്തരം എന്നാണ്

"അങ്ങനെ യെരുശലേമിൽ മഹാസന്തോഷം ഉണ്ടായി; ഇസ്രായേൽ രാജാവായ ദാവീദിന്റെ മകൻ ശലോമോന്റെ കാലം മുതൽ ഇതുപോലെ യെരുശലേമിൽ സംഭവിച്ചിട്ടില്ല. ഒടുവിൽ ലേവ്യരായ പുരോഹിതന്മാർ എഴുന്നേറ്റു ജനത്തെ അനുഗ്രഹിച്ചു; അവരുടെ അപേക്ഷ കേൾക്കപ്പെടുകയും അവരുടെ പ്രാർത്ഥന അവന്റെ വിശുദ്ധനിവാസമായ സ്വർഗ്ഗത്തിൽ എത്തുകയും ചെയ്തു" (2 ദിനവൃത്താന്തം 30:26–27).

ദൈവം എല്ലായ്പ്പോഴും നമ്മുടെ പ്രാർത്ഥന കേട്ടു ഉത്തരം തരും എന്നു നാം അറിയുന്നു. എന്നാൽ തുറന്ന സ്വർഗ്ഗത്തിന്റെ കാലയളവിൽ, ഇസ്രായേലിൽ ഹിസ്കിയാ രാജാവിന്റെ ഭരണകാലത്തു വലിയ ഒരു ഉണർവിന്റെ അനുഭവം ഉണ്ടായതുപോലെ, പ്രാർത്ഥനക്കുള്ള ഉത്തരങ്ങൾ എളുപ്പമായും നിഷ്പ്രയാസമായും ലഭിക്കുന്നു. സ്വർഗ്ഗത്തിൽനിന്നും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കേണ്ടതിനു ദാനിയേലിന് 21 ദിവസം കാത്തിരിക്കേണ്ടി വന്നു (ദാനിയേൽ 10:1–13). പ്രാർത്ഥനക്കുള്ള പൈശാചിക തടസ്സങ്ങൾ കുറയ്ക്കപ്പെടുന്നു. ദൂതവാഹകന്മാർ വലിയ ഉത്തരങ്ങളുമായി പെട്ടെന്നു കടന്നുവരുന്നു.

# 3

# സ്വർഗ്ഗം തുറക്കപ്പെടുവാൻ എന്താണ് കാരണമായിത്തീരുന്നത്?

നമ്മുടെ നഗരത്തിന്മേലും സമുദായങ്ങളുടെമേലും നമ്മുടെ പ്രദേശങ്ങളിൻമേലും സ്വർഗ്ഗം തുറക്കപ്പെടുവാൻ നമുക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ? കഴിയും എങ്കിൽ എന്തൊക്കെയാണ്?

ആരും പ്രതീക്ഷിക്കാത്ത സമയത്ത്, അനേക അവസരങ്ങളിൽ, ദൈവം തന്റെ പരമാധികാരത്തിൽ സ്വർഗ്ഗം തുറന്നു ഇറങ്ങി വരുന്നു എന്നുള്ള കാര്യം വളരെ സത്യമാണ്. സ്വർഗ്ഗം തുറക്കപ്പെടുവാനായി ദൈവജനങ്ങൾക്കു അനേകം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും എന്നു തിരുവെഴുത്തും ചരിത്രവും നമ്മെ പഠിപ്പിക്കുന്നു.

## ദൈവത്തിന്റെ തീക്ഷ്ണമായ ശ്രമം

“വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചു കീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും; അവൻ നമ്മെ അടിച്ചിരിക്കുന്നു; അവൻ മുറിവു കെട്ടും. രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പ്പിക്കും. നാം അവന്റെ മുമ്പാകെ ജീവിക്കയും ചെയ്യും. നാം അറിഞ്ഞുകൊൾക; യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവന്റെ ഉദയം പ്രഭാതംപോലെ നിശ്ചയമുള്ളത്; അവൻ മഴപോലെ, ഭൂമിയെ നനയ്ക്കുന്ന പിൻമഴപോലെ തന്നേ, നമ്മുടെ അടുക്കൽ വരും” (ഹോശേയ 6:1–3).

ദൈവജനമായ നമ്മൾ ദൈവത്തിങ്കലേക്കു തിരിഞ്ഞ് ദൈവത്തെ പിൻതുടരുകയാണെങ്കിൽ ദൈവം മഴപോലെ നമ്മുടെ അടുക്കലേക്കു വരുമെന്നു തിരുവെഴുത്തു നമുക്ക് ഉറപ്പു തരുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും ഒരു പെയ്ത്തുപോലെ

നമ്മുടെമേൽ വരും.

ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ തീക്ഷ്ണമായ ശ്രമത്തിന്റെ ആശയം നാം പ്രകാശിപ്പിക്കുന്നതു ദൈവത്തിനുവേണ്ടിയുള്ള ആഴമായ വിശപ്പിനാലും, അനുതാപത്താലും, പവിത്രീകരണത്താലും, പൂർണ്ണസമർപ്പണത്താലും കൂടുതൽ സമയം ദൈവത്തെ അന്വേഷിക്കുന്നതിലൂടെയും ആണ്. നമ്മുടെ ഹൃദയം ദൈവത്തിനുവേണ്ടി വളരെയധികം വിശപ്പുള്ളതായിരിക്കണം. മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ (സങ്കീർത്തനങ്ങൾ 42:1–2). വ്യക്തികളും, വിശ്വാസികളുടെ സമൂഹവും, വളരെ ജാഗ്രതയോടെ, പ്രാർത്ഥനയിലൂടെയും, ആരാധനാസ്തുതികളിലൂടെയും ദൈവസാന്നിദ്ധ്യത്തിൽ നിന്നുകൊണ്ടു ദൈവത്തെ പൂർണ്ണഹൃദയത്തോടെ അന്വേഷിച്ചപ്പോൾ ശക്തിയോടെ ദൈവത്തിന്റെ സന്ദർശനം അവരുടെമേൽ വന്നതിന്റെ വളരെ ശക്തമായ സാക്ഷ്യങ്ങൾ ചരിത്രത്തിലുണ്ട്. എന്തുകൊണ്ടു ഏതു പ്രദേശത്തും ഉള്ള സഭകൾ ഇങ്ങനെ ചെയ്തുകൊണ്ടു ദൈവത്തിന്റെ ഒരു സന്ദർശനം അനുഭവിക്കുന്നില്ല എന്നുള്ളതിന് യാതൊരു കാരണവുമില്ല.

വളരെ തീക്ഷ്ണമായ ശ്രമത്തിലൂടെ ദൈവത്തെ അന്വേഷിക്കേണ്ടത് നമ്മുടെ അതിപ്രധാനമായ ചുമതലയാണ്. ദൈവത്തെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ ദൈവം നമ്മുടെ അടുത്തു വരുമെന്ന ദൈവവാഗ്ദത്തം ഉണ്ട്. നമ്മൾ ദൈവത്തോടു അടുത്തു ചെല്ലുമ്പോൾ ദൈവം നമ്മുടെ അടുക്കലേക്കും വരും (യാക്കോബ് 4:8). ചാൾസ് ഫിന്നി പറഞ്ഞു, ജീവിക്കുകയോ മരിക്കുകയോ എന്ന തീരുമാനത്തോടെ ദേഹികൾ ധീരതയോടെ പോരാടുകയാണെങ്കിൽ ഉണർവു സ്വർഗ്ഗത്തിൽനിന്നും വരും – വേണ്ടിവന്നാൽ ജയിച്ചു മരിക്കണം. “സ്വർഗ്ഗരാജ്യത്തെ ബലാല്ക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു” (മത്തായി 11:12).

## ദൈവജനങ്ങളുടെയിടയിൽ ഒത്തൊരുമ

“ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു. അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടുകിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെയും സീയോൻ പർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യ മഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത് (സങ്കീർത്തനങ്ങൾ 133). ഒരു പ്രദേശത്തെ ദൈവജനങ്ങളുടെ ഇടയിലുള്ള ഒത്തൊരുമയാണ് ആ പ്രദേശത്തു ഒരു പെയ്ത്തിനു മുന്നോടിയായുള്ള അന്തരീക്ഷം ഉണ്ടാക്കുന്നത്. സ്വയമായിട്ടുള്ള ആകാംക്ഷകളും, സംശയങ്ങളും, മത്സരങ്ങളും ദൈവജനങ്ങളിൽ നിന്നു നീക്കിക്കളയണം. സ്വയമായ ആകാംക്ഷകൾ സംശയത്തിലേക്കു നയിക്കുന്നു. സംശയങ്ങൾ മത്സരത്തിലേക്കുള്ള വാതിൽ തുറക്കുന്നു. മത്സരം വിഭജനത്തിലേക്കു നയിക്കുന്നു.

പേരും, സമുദായവും, പ്രമാണങ്ങളുടെ വ്യത്യാസവും, ചെറിയ ചെറിയ വഴക്കുകളും ഒക്കെ എന്നെന്നേക്കുമായി ഉപേക്ഷിച്ചുകളഞ്ഞു ഒരുമനപ്പെട്ടു ദൈവജനങ്ങൾ കൂടിവന്ന് ദൈവത്തെ അന്വേഷിക്കുമ്പോൾ, ദൈവാത്മാവിന്റെ ശക്തിയേറിയ സാന്നിദ്ധ്യത്തിന്റെയും ബലത്തിന്റെയും ഒരു പെയ്ത്തുണ്ടാകും. അപ്പോൾ എല്ലാ ജനങ്ങളുടെമേലും - വലിയവരുടെമേലും ചെറിയവരുടെമേലും, തലമുതൽ പാദംവരെയും, അഭിഷേകത്തിന്റെയും, ചൈതന്യപ്പെടുത്തലിന്റെയും, അനുഗ്രഹത്തിന്റെയും, എല്ലാവരുടെമേലും ജീവൻ വരുന്നതിന്റെയും ഒരു പെയ്ത്തുണ്ടാകും. 120 ശിഷ്യന്മാരിൽ ഇതു വളരെയധികം സത്യം ആയിരുന്നു. ദൈവം വാഗ്ദത്തം ചെയ്തതിനെ നിവർത്തിച്ചുകൊടുത്തു (അപ്പൊ. പ്ര. 1:5, 8). വേദപുസ്തകം നമ്മോടു പറയുന്നത് “അവർ ഒരുമനപ്പെട്ടുള്ള പ്രാർത്ഥനയും അഭ്യർത്ഥനയും തുടർന്നുകൊണ്ടിരുന്നു” (അപ്പൊ. പ്ര. 1:14). അവർ ഒരുമനപ്പെട്ടു പ്രാർത്ഥന തുടർന്നിരുന്നതുകൊണ്ടു ആത്മാവിന്റെ

പെയ്ത്തു അവർക്കു സ്വീകരിക്കുവാൻ സാധിച്ചു.

ഒരു നഗരത്തിലുള്ള എല്ലാ സഭകളെയും ബാധിക്കത്തക്ക വിധത്തിലുള്ള സ്വർഗ്ഗം തുറക്കലും, സന്ദർശനവും, പെയ്ത്തും, ഉണർവും ഉണ്ടാകേണ്ടതിനു സ്വയതാല്പര്യങ്ങൾ എല്ലാം ഉപേക്ഷിച്ച്, ഒരുമനപ്പെട്ടു വന്നു, ദൈവത്തെ അന്വേഷിക്കുവാൻ, നമ്മുടെ നഗരത്തിൽ അതുപോലെയുള്ള ജനങ്ങളും, പാസ്റ്റർമാരും, പ്രാസംഗികരും, ശുശ്രൂഷകന്മാരും, വിശ്വാസികളും ദൈവത്തിനുവേണ്ടി വരുമോ? ദൈവരാജ്യത്തിനുവേണ്ടി അങ്ങനെ മനസ്സുള്ള, ക്രിസ്തുവിനെപ്പോലെയുള്ളതും ജനങ്ങളെ സ്നേഹിക്കുന്നതുമായ നായകന്മാർ എവിടെ? സമുദായത്തിന്റെ പുറത്തുവന്ന് ഒരു സഭയോടുള്ള ഭിന്നിക്കത്തക്ക കൂറ് ഉപേക്ഷിച്ച്, രാജാധിരാജാവിനോടും, കർത്താധികർത്താവിനോടും ദൈവരാജ്യത്തോടും, ദൈവസഭയോടും കൂറുള്ള പ്രവൃത്തികൾ ചെയ്യുന്ന വിശ്വാസികൾ എവിടെ? നമ്മുടെ നഗരത്തിന്മേൽ സ്വർഗ്ഗം തുറക്കപ്പെടുവാനായി നമുക്ക് ഒരുമനപ്പെട്ടുവന്ന് ദൈവത്തെ അന്വേഷിക്കുവാൻ കഴിയുമോ?

## കത്തിയെരിയുന്ന പ്രാർത്ഥന

“എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. ഏലീയാവു നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു; മഴ പെയ്യാതിരിക്കേണ്ടതിനു അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു; മൂന്നു സംവത്സരവും ആറുമാസവും ദേശത്തു മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്നു മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു” (യാക്കോബ് 5:16–18). ദൈവജനത്തിന്റെ കത്തിയെരിയുന്ന പ്രാർത്ഥനക്കാണ് ദൈവം ഉത്തരം നൽകുന്നത്. ഈ വിശിഷ്ട ഉദാഹരണം ഏലീയാവിന്റെ പ്രാർത്ഥനയിലൂടെ നമുക്കു കാണാം. ഏലിയാവ് പ്രകൃത്യാ ഉള്ള മഴക്കായി പ്രാർത്ഥിച്ചപ്പോൾ അങ്ങനെ സംഭവിച്ചു (1 രാജാ. 18:41–46). വലിയ മഴയുടെ മുഴക്കം ഉണ്ടെന്നു വിളംബരം ചെയ്തശേഷം ഏലിയാവു

പ്രാർത്ഥനയിൽ സമയം ചെലവഴിച്ചു. എത്ര സമയം ഏലിയാവു പ്രാർത്ഥനക്കായി ചെലവഴിച്ചതെന്നു തെളിവുകൾ ഇല്ല. അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിന്റെ എന്തെങ്കിലും അടയാളം ഉണ്ടോ എന്നറിയുവാൻ ഏലിയാവു ആറു പ്രാവശ്യം നോക്കി. എന്നാൽ ഒന്നും കണ്ടില്ല. പക്ഷെ അവൻ പ്രാർത്ഥന നിർത്തുകയോ ഉപേക്ഷിക്കുകയോ ചെയ്തില്ല. ഏഴാമത്തെ പ്രാവശ്യം അവൻ നോക്കിയപ്പോൾ മഴ വരാൻ പോകുന്നതിന്റെ ഒരടയാളം കണ്ടു. തീർച്ചയായിട്ടും മഴ വന്നു. സ്വർഗ്ഗം തുറന്നു കാണുവാൻ ഇതുപോലെ പ്രാർത്ഥിക്കുന്നതാണ് നമുക്ക് ആവശ്യമായിരിക്കുന്നത്. സ്വർഗ്ഗം തുറക്കുന്നതിന്റെ യാതൊരു അടയാളങ്ങളും പ്രത്യക്ഷമാകാതെയിരിക്കുമ്പോഴും നിർത്തിക്കളയാത്ത പ്രാർത്ഥന. കത്തിയെരിയുന്ന പ്രാർത്ഥന! ഗൗരവമായ പ്രാർത്ഥന! ഉത്സഹാശീലമായ പ്രാർത്ഥന! പെയ്ത്തുവരാത്തിടത്തോളം നിർത്താത്ത പ്രാർത്ഥന.

**തുറന്ന സ്വർഗ്ഗത്തിനായി നമ്മെ പ്രോത്സാഹിപ്പിക്കുന്ന വേറെ തിരുവെഴുത്തുകൾ.**

“മഴ പെയ്യാതിരിക്കേണ്ടതിനു ഞാൻ ആകാശം അടയ്ക്കയോ ദേശത്തെ തിന്നു മുടിക്കേണ്ടതിന്നു വെട്ടുക്കിളിയെ കല്പിക്കയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ, എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും” (2 ദിനവൃത്താന്തം 7:13-14).

“സൈന്യങ്ങളുടെ ദൈവമേ, തിരിഞ്ഞു വരേണമേ; സ്വർഗ്ഗത്തിൽ നിന്നു നോക്കി കടാക്ഷിച്ചു ഈ മുന്തിരിവള്ളിയെ സന്ദർശിക്കേണമേ. നിന്റെ വലംകൈ നട്ടിട്ടുള്ളതിനെയും നീ നിനക്കായി വളർത്തിയ തൈയെയും പാലിക്കേണമേ” (സങ്കീർത്തനങ്ങൾ 80:14-15).

“യഹോവേ ആകാശം ചായിച്ചു ഇറങ്ങിവരേണമേ; പർവ്വതങ്ങൾ പുകയുവാൻ തക്കവണ്ണം അവയെ തൊടേണമേ” (സങ്കീർത്തനങ്ങൾ 144:5).

“അയ്യോ, ജാതികൾ തിരുമുമ്പിൽ വിറയ്ക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതു പോലെയും തീ കൊണ്ടു വെള്ളം തിളയ്ക്കുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപ്പോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളാമായിരുന്നു. ഞങ്ങൾ വിചാരിച്ചിട്ടില്ലാത്ത ഭയങ്കര കാര്യങ്ങളെ നീ പ്രവർത്തിച്ചപ്പോൾ നീ ഇറങ്ങി വരികയും മലകൾ തിരുമുമ്പിൽ ഉരുകിപ്പോകയും ചെയ്തുവല്ലോ. നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കുന്നവനു വേണ്ടി പ്രവർത്തിക്കുന്നത് പണ്ടു മുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല” (യെശയ്യാവു 64:1–4).

“പിന്മഴയുടെ കാലത്തു യഹോവയോടു മഴയ്ക്കു അപേക്ഷിപ്പിൻ; യഹോവ മിന്നൽപ്പിണർ ഉണ്ടാക്കുന്നുവല്ലോ; അവൻ അവർക്കു വയലിലെ ഏതു സസ്യത്തിന്നും വേണ്ടി മാരി പെയ്യിച്ചുകൊടുക്കും” (സെഖര്യാവു 10:1).

## പ്രതീക്ഷയും വിശ്വാസവും

ദൈവത്തെ നമ്മൾ അനുഗമിച്ചു ഒരുമിച്ചു പ്രാർത്ഥിച്ചു എന്നാലും ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെയും ശക്തിയുടെയും പ്രകടനത്തിനു വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും വളരെ ഉയരമായ ഒരു ബോധം ഉണ്ടായിരിക്കണം. തീർച്ചയായും മഴ പെയ്യും എന്നുള്ള പ്രതീക്ഷയിൽ പ്രത്യാശയോടെ ഉഴുകയും വിതയ്ക്കുകയും ചെയ്യുന്ന ഒരു കൃഷിക്കാരനെപ്പോലെയാണു നമ്മൾ. ദൈവസാന്നിദ്ധ്യത്തിന്റെയും ശക്തിയുടെയും ഓരോ തുള്ളിയും ചാറ്റലും നാം കാണുവാൻ തുടങ്ങുമ്പോൾ തന്നേ നാം ആഘോഷിക്കണം. ദൈവസാന്നിദ്ധ്യത്തിന്റെ എല്ലാ അനുഭവങ്ങളും, എല്ലാ രോഗസൗഖ്യവും, എത്ര ചെറുതായിരുന്നാലും നമുക്ക് ആഹ്ലാദിക്കുവാൻ

ധാരാളമാണ്. എന്തുകൊണ്ടെന്നാൽ, ഇതു, മഴ ധാരാളമായി വരാൻ പോകുന്നതിന്റെ ഒരു സൂചനയാണ്.

## നമ്മുടെ അധികാരം കൈകാര്യം ചെയ്യൽ

"നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നുത്തരം പറഞ്ഞു" (മത്തായി 16:18–19).

സ്വർഗ്ഗം ഭൂമിയിലേക്കു ഏല്പിച്ചുകൊടുക്കുവാൻ നമ്മെ അധികാരം ചുമതലപ്പെടുത്തിയിരിക്കുകയാണ്. ദൈവം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കുന്നതൊക്കെയും നമ്മൾ ഭൂമിയിൽ കെട്ടും. സ്വർഗ്ഗത്തിൽ അനുവദിച്ചിരിക്കുന്നതൊക്കെയും നമ്മൾ ഭൂമിയിൽ പുറത്തുവിടും. സ്വർഗ്ഗം നമ്മുടെ മേൽ ചൊരിയപ്പെടാതിരിക്കുവാനുള്ള കാരണമായിരിക്കുന്ന എല്ലാറ്റിനെയും നമ്മുടെ ആത്മീയ അധികാരം ഉപയോഗിച്ചു നാം കെട്ടണം. പൈശാചിക ആത്മാക്കളുടെ പോരാട്ടങ്ങളും വിഭജനങ്ങളും, നമ്മുടെ പ്രദേശത്തുള്ള സാത്താന്റെ എല്ലാ സ്വാധീനങ്ങളും, ദൈവം നമുക്കു തന്നിരിക്കുന്ന അധികാരം ഉപയോഗിച്ചു, അഴിച്ചു കളയണം.

## എന്തുകൊണ്ടാണ് കാലം സമാപിക്കുന്നത്?

ദൈവത്തിന്റെ ഓരോ ഉണർവും പെയ്ത്തും സമാനമില്ലാത്തതാണെങ്കിലും ദൈവത്തിന്റെ ഉത്തമമായ ഒരു നീക്കം സ്വീകരിക്കുന്നതിലും പാലിക്കുന്നതിലും സാദൃശ്യം ഉണ്ട്. ദൈവത്തിന്റെ തീ ഒരു സഭമേലോ സമൂഹത്തിൻമേലോ വരുമ്പോൾ ദൈവജനത്തിന്റെ ഒരു പ്രതികരണത്തെ ദൈവം നോക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ജനങ്ങൾ, ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ഉണർവിനായുള്ള പ്രവർത്തനങ്ങളെയും തങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാന

മാക്കി അതിൽതന്നെ തുടരേണ്ടതിനുള്ള കാര്യപരിപാടികളും കർമ്മപരിപാടികളും ചെയ്യുമ്പോൾ പെയ്ത്തു തുടരുകയും ദൈവത്തിന്റെ സന്ദർശനം ദൈവസാന്നിദ്ധ്യത്തിന്റെ ഒരു വാസസ്ഥാനമായിത്തീരുകയും ചെയ്യുന്നു. തീ വീഴുമ്പോൾ, നമ്മുടെ പൂർണ്ണ സാഹസികത, നമ്മുടെ കാലഗണനാരീതി ഇവ ഉപേക്ഷിച്ചു ക്രിസ്തുവിങ്കലേക്കു നമ്മുടെ ജീവിതത്തിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുവാനും പെയ്ത്തിനു ശരിയായ വിധത്തിൽ ഉത്തരം പറയുവാനും നമ്മെ ഒരുക്കുന്നു.

നമ്മൾ ജീവിക്കുന്നതിനനുസരിച്ചും, നമ്മുടെ ചിന്തകൾക്കനുസരിച്ചും നമ്മൾ സഭ നടത്തുന്നതനുസരിച്ചും ഉണർവിനു വളരെ വ്യത്യാസം ഉണ്ടാകും.

ഒരു കൊയ്ത്തു വരുന്നതിനും ഒരു കാലയളവിൽ മാത്രം തുടരുന്നതിനുമുള്ള കാരണം അടിസ്ഥാനപരമായി ഒന്നുതന്നെയാണ്. ഇതു സ്ഥിരമായി നിൽക്കാത്തതിന്റെ കാരണം ജനങ്ങളും നായകത്വം വഹിക്കുന്നവരും ഈ ലോകജീവിതത്തെക്കുറിച്ചു ചിന്തിക്കുവാൻ തുടങ്ങുന്നതുകൊണ്ടാണ്. പ്രകൃതിപരമായ കാര്യങ്ങൾക്കു വേണ്ടിയുള്ള ചിന്തകളാലും സമ്മർദ്ദങ്ങളാലും ദൈവത്തിന്റെ ചലനത്തിനു വേണ്ടിയുള്ള അവരുടെ ജീവിതത്തിലെ മുറി കവർന്നെടുക്കപ്പെടുകയും തുടരുവാൻ കഴിയാതെ വരികയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിലും സഭയിലും ദൈവത്തിന്റെ ചലനം തുടർന്നു കൊണ്ടുപോകുവാൻ മുറി ഒരുക്കുന്നതിന് നമ്മുടെ താല്പര്യങ്ങൾ ക്ഷമിച്ചു പോകുന്നതും നമ്മുടെ മനസ്സില്ലായ്കമൂലം ദൈവസാന്നിദ്ധ്യത്തിനു മങ്ങൽ സംഭവിക്കുന്നതും നമ്മളെക്കുറിച്ചുള്ള ദൈവത്തിന്റെ ആവേശത്തിന്റെ പദ്ധതി അല്ല. ഉണർവിനേക്കാളും ഉപരിയായി വേറെ എന്തെങ്കിലും നമുക്കു ചെയ്യുവാൻ ഉണ്ടെങ്കിൽ ഉണർവു ലഭിക്കയോ നിൽക്കയോ ചെയ്യത്തില്ല. നമ്മുടെ കാലനിർണ്ണയങ്ങളെയും നമ്മുടെ ജീവിതങ്ങളെയും ഒഴിവാക്കി നമ്മൾ ഒരു ഒഴിഞ്ഞ പാത്രമായിത്തീരുമ്പോൾ മാത്രമേ ദൈവത്തിന്റെ പെയ്ത്തു നമുക്കു അനുഭവമാക്കുവാൻ സാധിക്കു

കയുള്ളൂ. പെയ്ത്തു വന്നതിനുശേഷം നമ്മൾ വേറെ കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങുകയാണെങ്കിൽ ദൈവത്തിന്റെ പെയ്ത്ത് നമ്മിൽ തുടരുകയില്ല. നല്ല ശുശ്രൂഷയുടെ കാര്യങ്ങൾക്കു പോലും ആത്മാവിന്റെ പെയ്ത്തു വന്നു നമ്മിൽ ഉണർവു ഉണ്ടാക്കുന്നതിനെ തടസ്സപ്പെടുത്തുവാൻ കഴിയും.

(Adapted from “I saw the Smithton Outpouring - Ron McGatrin).

**ദൈവം നമ്മുടെമേലും, നമ്മുടെ സഭയിൻമേലും, നഗരത്തിലെ സഭയിൻമേലും നഗരത്തിന്മേലും പെയ്യുന്നതുവരെയും നമുക്കു ദൈവത്തെ അന്വേഷിക്കാം.**

**ദൈവത്തെയും ദൈവസാന്നിദ്ധ്യത്തെയും കൂടുതൽ അനുഭവ വേദ്യമാക്കുവാൻ നാം വില കൊടുക്കുമോ?**

# 4
# നിങ്ങളുടെ പ്രദേശത്തിന്മേൽ സ്വർഗ്ഗം തുറന്നിട്ടുണ്ടോ?

ജനങ്ങളെക്കൊണ്ടു പൊട്ടിത്തെറിക്കുവാൻ പോകുന്ന നമ്മുടെ നഗരത്തിന്മേലും പ്രദേശങ്ങളിന്മേലും എങ്ങനെയാണ് നമ്മൾ ശക്തിയായ സ്വാധീനം ചെലുത്തുവാൻ പോകുന്നത്? ഒരു സഭയ്ക്കു തനിച്ചു ഇതു ചെയ്യുവാൻ സാധിക്കത്തില്ല. ലക്ഷോപ ലക്ഷം ജനങ്ങളെക്കൊണ്ടു നിറഞ്ഞ നമ്മുടെ നഗരത്തിൽ ഒറ്റ യ്ക്കുള്ള ഒരു സുവിശേഷകനെക്കൊണ്ടോ, സുവിശേഷപ്രവർത്ത നങ്ങളെക്കൊണ്ടോ ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല. നമുക്കു ആവശ്യം മുഴുവനായി വീശുന്ന ഒരു ഉണർവും ശക്തമായി പെയ്യുന്ന ദൈവസാന്നിദ്ധ്യവും ദൈവശക്തിയും ആണ്. അതു കുറെക്കാലത്തേക്കു താങ്ങിനിർത്തുകയും നമ്മുടെ നഗരത്തിന്റെ ഓരോ ഭാഗങ്ങളും എന്നെന്നേക്കുമായി സ്പർശിക്കപ്പെടുകയും വേണം. നഗരങ്ങളുടെ രൂപാന്തരപ്പെടുത്തലിനായി ഉണർവു അത്യ ന്താപേക്ഷിതമാണ്. ഉണർവിന്റെ ഒന്നാമത്തെ ആവശ്യം നഷ്ടപ്പെട്ട ആത്മാക്കളുടെ രക്ഷയും സമൂഹങ്ങളുടെയും നഗരങ്ങളുടെയും രൂപാന്തരവുമാണ്. ഉണർവു സ്വർഗ്ഗം തുറക്കുന്നതിന്റെ ദിവ്യമായ ഒരു കാലമാണ്. അപ്പോൾ സൗഖ്യത്തിലേക്കും വിടുതലിലേക്കും കോടാനുകോടികളുടെ രക്ഷയിലേക്കും നയിക്കുന്നതിന് ദൈവ രാജ്യം വളരെ ശക്തിയോടെ പിളർക്കപ്പെടുന്നു. നമ്മുടെ അത്ഭു തങ്ങൾ സ്വീകരിക്കുവാനും, ദൈവമഹത്വത്താൽ നിറയപ്പെടുവാനും അതു നമ്മുടെ സമുദായങ്ങളിലേക്കു കൊണ്ടുപോയി, നഗരത്തിന്റെ രൂപാന്തരത്തിനായി, സഭയുടെ പുനഃക്രമീകരണത്തിനുവേണ്ടി, ദൈവം ഉണർവു അയയ്ക്കുന്നു.

നമ്മുടെ നഗരത്തിൻമീതെ സ്വർഗ്ഗം തുറക്കപ്പെടുന്നതിന് നമ്മൾ ഒന്നിച്ചുകൂടി വരുവാൻ നമുക്കുള്ള ഒരു വിളിയാണിത്. സ്വർഗ്ഗം തുറക്കപ്പെടുവാൻ ദൈവത്തെ അന്വേഷിക്കേണ്ടതിനു നിങ്ങൾക്കു

ചെയ്യേണ്ട കാര്യങ്ങൾ നിങ്ങൾ ചെയ്യുമോ? വലിയ ഒരു തീ കത്തിക്കയറുവാൻ ഒരു തീപ്പൊരിയുടെ മാത്രം ആവശ്യമേയുള്ളൂ. ഒരു തീ കത്തിച്ചു ഒരു നഗരത്തെ മുഴുവൻ കീഴ്മേൽ മറിക്കുവാൻ, കൈ നിറയെ ഉള്ള ഒരു ജനത്തെ മാത്രമാണ് ദൈവത്തിന് ആവശ്യം (മാളികമുറിയിലെ 120 പേരെക്കുറിച്ച് ഓർക്കുക).

"അവൻ ആകാശം ചായ്ച്ചിറങ്ങി; കൂരിരുൾ അവന്റെ കാൽക്കീഴിലുണ്ടായിരുന്നു" (സങ്കീർത്തനങ്ങൾ 18:9).

ALL PEOPLES CHURCH

Bible College

& MINISTRY TRAINING CENTRE

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

## പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദ മായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നട ത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തി യാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങ ളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങ ളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവി നുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കു ന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോ ടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരി പൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വ ത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേ ണ്ടിയുള്ള ഞങ്ങളുടെ ഒരു ‘സമ്മാനം’ ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി “എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ” ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

**സമ്പർക്ക വിവരം:**

**All Peoples Church & World Outreach**
2nd Floor, No 7M, 2nd Block,
HRBR Layout, Kalyan Nagar,
Bangalore - 560 043

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, “പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ” (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" (അപ്പൊ. പ്ര. 10:43).

"യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

സ്വർഗ്ഗം ജനങ്ങളുടെമേലും സമൂഹത്തിന്മേലും ഭൂമിശാസ്ത്രപരമായിട്ടുള്ള പ്രദേശങ്ങളിന്മേലും തുറക്കപ്പെടുന്നതിനെക്കുറിച്ചുള്ള പുതിയ വിവേകത്തിലും ഉൾക്കാഴ്ചയിലും ക്രിസ്തുവിന്റെ ശരീരം അഭിവ്യദ്ധി പ്രാപിച്ചുകൊണ്ടിരിക്കുക യാണ്. ലോകത്തിൽ വെയിൽസ്, ഫ്ളോറിഡ എന്നയിടങ്ങളും ഇന്ത്യയിൽ ഷില്ലോംഗ് എന്നയിടവും സ്വർഗ്ഗം തുറക്കുന്നതിനുള്ള "ചൂടുള്ള ഇടങ്ങളായി" പ്രത്യക്ഷപ്പെടുന്നു.

തിരുവെഴുത്തു സ്വർഗ്ഗം തുറക്കപ്പെടുന്നതിനെക്കുറിച്ചും, അത് എന്താണ് എന്നുള്ളതിനെക്കുറിച്ചും, അതിന്റെ പരിണിതഫലങ്ങൾ എന്തൊക്കെയാണെ ന്നുമുള്ള വെളിപ്പെടുത്തലിനെക്കുറിച്ചു ലഘുവായി പഠിപ്പിക്കുന്ന ഒരു പ്രസി ദ്ധീകരണമാണിത്. ഈ പ്രസിദ്ധീകരണം വായിച്ചു പഠിക്കുന്ന അനേകർക്കു തങ്ങളുടെ ജീവിതത്തിലും, തങ്ങളുടെ തദ്ദേശ സഭയിലും സമൂഹത്തിലും സ്വർഗ്ഗം തുറക്കപ്പെടുവാനായി പ്രാർത്ഥിക്കുവാൻ പ്രോത്സാഹനം ലഭിക്കും എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഒരു പ്രദേശത്തുള്ള എല്ലാ തദ്ദേശവാസി കൾക്കും പ്രചോദനം ലഭിച്ചു ഒന്നായി കൂടിച്ചേർന്നു അവരുടെ നഗരത്തി ന്മേലും പ്രദേശങ്ങളിന്മേലും സ്വർഗ്ഗം തുറക്കപ്പെട്ട് സഭകൾ പുനഃക്രമീകരണം പ്രാപിക്കുവാനും പ്രദേശങ്ങളിലും നഗരങ്ങളിലും രൂപാന്തരീകരണം ഉണ്ടാകു വാനും പ്രാർത്ഥിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

അഷീഷ് റായിച്ചൂർ